LIBRARY ARCHIVES Kerala Legislative Assembly

## കോവളം ടൂറിസം വികസനം

133(425) ശ്രീ. എൻ. ശക്തൻ :

ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ കോവളത്തെ നിർമ്മാണ പ്രവർത്തനങ്ങൾ മൂലമുണ്ടായത് ഇവിടെയെത്തുന്ന വിദേശ ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ ഈ പ്രദേശത്ത് എന്തൊക്കെ വികസന പ്രവർത്തനങ്ങളും നിർമ്മാണങ്ങളുമാണ് നടത്തിവരുന്നത്; ഇവ അനിശ്ചിതമായി നീണ്ടു പോകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഇവിടെ ടൂറിസം വികസനത്തിന്റെ ഭാഗമായി തുടങ്ങിവച്ച പദ്ധതിയായ ടൂറിസം ഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഡി) കോവളം ടൂറിസം മേഖലയിലെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) കോവളത്തിന് സമീപം ടൂറിസം വകുപ്പ് ഇപ്പോൾ ആർട്ട് ആന്റ് ക്രാഫ്റ്റ് വില്ലേജിന്റെ നിർമ്മാണ പ്രവർത്തനം നടത്തി വരുന്നു. പണി എടുത്തിരുന്ന കോൺട്രാക്ടറുടെ ഭാഗത്തു നിന്നും ഉണ്ടായ ഉദാസീനത മൂലമാണ് പ്രവർത്തനങ്ങൾ മന്ദഗതിയിലായത്. എന്നാൽ 2011 ഫെബ്രുവരിയിൽ പൂർത്തിയാകത്തക്കതരത്തിൽ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ഡി) ടൂറിസം ഡയറക്ടർ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേരളത്തിന്റെ ടൂറിസം വളർച്ചയ്ക്ക് മാസ്റ്റർ പ്ലാൻ

134 (426) ശ്രീ. കെ. കെ. ഷാജു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വലിയതോതിലുള്ള വളർച്ചയ്ക്ക് ടൂറിസം രംഗം പരിപോഷിപ്പിക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമീണ ടൂറിസം ശക്തിപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് ടൂറിസവുമായി ബന്ധപ്പെട്ട കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതിനും ടൂറിസം പ്രോജക്ടുകൾ സംയുക്ത മേഖലയിൽ തുടങ്ങുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന് മുഴുവനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക പ്രായോഗികമല്ല. എന്നാൽ വളരെ പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകളുടെ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ട്. ഇതനുസരിച്ച് മൂന്നാർ, മുസിരിസ്, തലശ്ശേരി എന്നിവയുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ, വയനാട് എന്നിവയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഗ്രാമീണ ടൂറിസം വികസിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം' എന്ന ടൂറിസം പദ്ധതി നടപ്പാക്കി വരുന്നു. കൂടാതെ റെസ്പോൺസിബിൾ ടൂറിസത്തിന്റെ ഭാഗമായി 'വില്ലേജ് ലൈഫ് എക്സ്പീരിയൻസ്' എന്ന പദ്ധതിയും ഗ്രാമീണ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(സി) ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന രീതിയിൽ ടൂറിസവുമായി ബന്ധപ്പെട്ട ചില കോഴ്സുകൾ അടുത്ത അദ്ധ്യയന വർഷം ആരംഭിക്കാൻ കിറ്റ്സ് നടപടി സ്വീകരിച്ചുവരുന്നു. ടൂറിസം പ്രോജക്ടുകൾ സംയുക്ത മേഖലയിൽ കണ്ടെത്തി ആരംഭിക്കുന്നതിനുവേണ്ടി ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

**ടൂറിസം മേഖലയുടെ വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ**

135 (427) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയുടെ വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) നിലവിലുള്ള ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സംസ്ഥാനം സന്ദർശിക്കുന്ന വിദേശ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷം വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) കൂടുതൽ ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly